**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8004 16.07.2014- ൽ മറുപടി നൽകിയത്**

# "മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖല"

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. കെ.കെ. ജയചന്ദ്രൻ**<br>**ശ്രീ. സി.കെ. സദാശിവൻ**<br>**ശ്രീമതി. കെ.കെ. ലതിക**<br>**ശ്രീ. കെ. ദാസൻ** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ) | മൾട്ടിലെവൽ മാർക്കറ്റിംഗ് മേഖലയെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; | എ) യും ബി) യും & സി) യും | ഉണ്ട്. മൾട്ടിലെവൽ മാർക്കറ്റിംഗ് വഴി സാധനങ്ങൾ വാങ്ങുന്ന ജനങ്ങൾ പലവിധത്തിൽ വഞ്ചിതരാകപ്പെടുന്നുവെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പൊതുജനങ്ങളുടെ താല്പര്യം സംരക്ഷിക്കുന്നതിനായി മൾട്ടിലെവൽ മാർക്കറ്റിംഗ് നിയന്ത്രിക്കുന്നതിലേക്ക് നിയമനിർമ്മാണം നടത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയോഗിക്കുകയും ടി സമിതി ഒരു കരട് ബില്ല് തയ്യാറാക്കുകയും ആയത് ഇപ്പോൾ നിയമ വകുപ്പ് പരിശോധിച്ച് വരികയുമാണ്. ഉപഭോക്തൃതാല്പര്യം സംരക്ഷിക്കുന്നതിനായുള്ള സംവിധാനങ്ങൾ കരട് ബില്ലിൽ വിഭാവനം ചെയ്യുന്നുണ്ട്. കൂടാതെ, ഉപഭോക്താക്കൾ പരാതിപ്പെടുകയാണെങ്കിൽ വിറ്റഴിക്കപ്പെടുന്ന സാധനങ്ങൾക്ക് ഗുണനിലവാരമുണ്ടോ എന്ന് പരിശോധിക്കുന്ന നിലവിലുള്ള പൊതുസംവിധാനം മൾട്ടിലെവൽ മാർക്കറ്റിംഗിന്റെ കാര്യത്തിലും ബാധകമാണ്. |
| ബി) | മൾട്ടിലെവൽ മാർക്കറ്റിംഗിലൂടെ വിറ്റഴിക്കപ്പെടുന്ന സാധനങ്ങൾക്ക് വില്പനക്കാർ വാഗ്ദാനം ചെയ്യുന്ന ഗുണങ്ങൾ ഉണ്ട് എന്ന് ഉറപ്പ് വരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ; വിശദമാക്കുമോ; | | |
| സി) | ഇത്തരത്തിൽ വില്ക്കുന്ന സാധനങ്ങൾ വാങ്ങുന്ന ജനങ്ങൾ കബളിക്കപ്പെടുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) | മൾട്ടിലെവൽ മാർക്കറ്റിംഗ് വഴി വില്പന നടത്തുന്നതിൽ സംസ്ഥാനത്തിന് ലഭ്യമാകേണ്ട നികുതികൾ ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ? | ഡി) | മൾട്ടിലെവൽ മാർക്കറ്റിംഗ് ഇടപാടുകളിൽ നികുതി വിധേയമായ ചരക്കുകൾ കൈമാറ്റം ചെയ്യപ്പെടുന്നുണ്ടെങ്കിൽ വാണിജ്യ നികുതി വകുപ്പ് കേരള മൂല്യ വർദ്ധിത നികുതി നിയമപ്രകാരം നികുതി ചുമത്തുകയും, ടി നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**